121432/2023/A ASSCL

I/42789/2023

നം.എ5/396/2023/എസ്.സി.എൽ

സ്റ്റേറ്റ് ലൈബ്രേറിയന്റെ കാര്യാലയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം
തീയതി:24-06-2023

**ദർഘാസ് പരസ്യം**

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ ആവശ്യത്തിലേക്ക് 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ഇംഗ്ലീഷ്/മലയാളം/തമിഴ്/സംസ്കൃതം എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. മുദ്ര വച്ച ക്വട്ടേഷനുകൾ 2023 ജൂലൈ 31 ന് വൈകുന്നേരം 3.30 മണിയ്ക്ക് മുമ്പായി സ്റ്റേറ്റ് ലൈബ്രേറിയൻ, തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, വികാസ് ഭവൻ പി.ഒ, പാളയം, തിരുവനന്തപുരം - 33 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

2023 ജൂലൈ 31 ന് വൈകുന്നേരം 3.30 മണി വരെ ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകിട്ട് 3.30 ന് ക്വട്ടേഷൻ നൽകിയവരുടെയോ, അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതിയായ 2023 ജൂലൈ 31 അവധി ദിനമായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം 3.30 പി.എം. ന് ക്വട്ടേഷനുകൾ പരിശോധിച്ച് തീർപ്പ് കല്പിക്കുന്നതായിരിക്കും.

ക്വട്ടേഷനുകളിൽ താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായി ഉൾപ്പെടുത്തിയിരിക്കണം.

1. കരാറുകാരൻ ഏതു പ്രസാധകരുടെയും പുസ്തകങ്ങൾ ആവശ്യപ്പെടുമ്പോൾ സപ്ലൈ ചെയ്യാൻ തയ്യാറാണോ എന്നുള്ള വിവരവും തയ്യാറല്ലെങ്കിൽ കരാറുകാരന് സപ്ലൈ ചെയ്യാവുന്ന പുസ്തകങ്ങളുടെ/പ്രസാധകരുടെ പേരു വിവരവും രേഖപ്പെടുത്തിയിരിക്കണം.
2. വിദേശ കറൻസികളുടെ വിനിമയ നിരക്ക് ഹെഡ് ഓഫീസ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിലായിരിക്കണം.
3. ഇന്ത്യൻ പുസ്തകങ്ങളുടെയും വിദേശ പുസ്തകങ്ങളുടെയും (പേപ്പർ ബാക്ക് എഡിഷൻ, ഹാർഡ് ബൗണ്ട് എഡിഷൻ) അച്ചടിച്ച വിലയിൽ അനുവദിക്കാവുന്ന പരമാവധി ഡിസ്കൗണ്ട്
4. സപ്ലൈ ചെയ്യുന്നതിന് വേണ്ട സമയം.
5. പുസ്തകങ്ങൾ എത്തിക്കേണ്ട രീതി (ഒരു ചാർജ്ജും ഈടാക്കാതെ നേരിട്ട് തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ ടെക്നിക്കൽ വിഭാഗത്തിൽ എത്തിക്കുക)
6. ക്വട്ടേഷൻ ഇംഗ്ലീഷിലോ മലയാളത്തിലോ വ്യക്തമായി തയ്യാറാക്കിയതാവണം
7. ക്വട്ടേഷനുകളോടൊപ്പം 200/- രൂപ മുദ്രപത്രത്തിൽ ബോണ്ട് സമർപ്പിക്കേണ്ടതാണ്.
8. വിശദമായ ബുക്ക് കാറ്റലോഗുകളും പുസ്തക വിലയുടെ ലിസ്റ്റും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കാറ്റലോഗിൽ കാണിച്ചിരിക്കുന്ന പുസ്തകങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ഡിസ്കൗണ്ട് നിരക്കുകൾ കൂടി ക്വട്ടേഷനുകളിൽ കാണിക്കേണ്ടതാണ്.
9. ഇതര പ്രസാധകരുടെ പുസ്തകങ്ങൾ സപ്ലൈ ചെയ്യാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ പുസ്തകങ്ങൾക്കുള്ള പട്ടികയിൽ പ്രസാധകന്റെ പേരും പുസ്തകങ്ങളെ സംബന്ധിക്കുന്ന വിശദ വിവരങ്ങളും അത്തരം പുസ്തകങ്ങൾക്ക് അനുവദിക്കാനുദ്ദേശിക്കുന്ന ഡിസ്കൗണ്ട് നിരക്കും ഉൾപ്പെടെ രേഖപ്പെടുത്തിയിരിക്കണം.
10. ഖണ്ഡിക 8, 9 പ്രകാരമുള്ള ഡിസ്കൗണ്ട് റേറ്റുകൾ 2023-24 സാമ്പത്തിക വർഷം പുറത്തിറക്കുന്ന പുസ്തകങ്ങൾക്കു കൂടി ബാധകമായിരിക്കും.
11. ബുക്ക് സെലക്ഷൻ കമ്മറ്റിയുടെ അംഗീകാരം നേടിയ പ്രസാധകർ നടപ്പ് സാമ്പത്തിക വർഷം പുറത്തിറക്കുന്ന പുസ്തകങ്ങളുടെ എല്ലാ കാറ്റലോഗുകളും, പ്രൈസ് ലിസ്റ്റും, യഥാസമയം സ്റ്റേറ്റ് ലൈബ്രേറിയന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റുകളിലെ പുസ്തകങ്ങൾക്ക് കമ്മറ്റി അംഗീകരിച്ച ഡിസ്കൗണ്ട് നിരക്കുകൾ തന്നെ ബാധകമായിരിക്കും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

121432/2023/A ASSCL

I/42789/2023

പുസ്തകങ്ങൾക്കുള്ള പട്ടിക വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയതായിരിക്കണം. ഗ്രന്ഥകർത്താവിന്റെ പേര്, ഗ്രന്ഥ നാമം, പ്രസാധന വർഷം, എഡിഷൻ നമ്പർ, പുന:പതിപ്പ് എങ്കിൽ അതിന്റെ വിവരം, ഓരോ പുസ്തകത്തിൻറേയും വില എന്നിവ നിർബന്ധമായും (Microsoft Excel format-ൽ) രേഖപ്പെടുത്തിയിരിക്കണം. ഗ്രന്ഥ നാമം ആകാരാദി ക്രമത്തിലായിരിക്കണം പട്ടികയിൽ രേഖപ്പെടുത്തേണ്ടത്.

ഏതു ക്വട്ടേഷനും പ്രത്യേക കാരണം കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം സ്റ്റേറ്റ് ലൈബ്രേറിയനിൽ നിക്ഷിപ്തമായിരിക്കുന്നതും, പ്രസ്തുത കാര്യത്തിൽ സ്റ്റേറ്റ് ലൈബ്രേറിയന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

Signed by
Sobhana P.k.
Date: 24-06-2023 15:06:27
STATE LIBRARIAN

**AGREEMENT**

Article of agreement executed on this the ....... day of the ......... Month of Two Thousand and Twenty Three between The State Librarian, State central Library (hereinafter referred to as the Government ) of the one part and M/s. ........................................................................................ (hereinafter referred to as "the bounden') of the other part.

Where in response to the Notification No.A5/396/2023/SCL. Dated: 24/06/2023 the bounden has submitted to the Government a tender for the Books purchasing specified therein subject to the terms and conditions contained in the said tender.

Now these presents witness and it is hereby mutually agreed as follows:

1) In case the tender submitted by the bounden is accepted by the Government and the Contract for ................ is awarded to the boundent, the boundent shall within .............. days of acceptance of his tender execute an agreement with the government incorporating all the terms and conditions under which the Government accepts his tender.

2) In case the bounden fails to execute the agreement as a fore said incorporating the terms and conditions governing the contract the Government shall have power and authority to recover from the bounden any loss or damage caused to the Government by such breach as may be determined by the Government by appropriating the earnest money deposited by the bounden and if the earnest money is found to be inadequate the deficit amount may be recovered from the bounden and his properties movable and immovable in the manner here after contained.

3) All sums found due to the Government under or by virtue of this agreement shall be recoverable from the bounden and his properties movable and immovable under the provisions of the revenue recovery act for the time being in force as through such sums are arrears of land revenue and in such other manner as the Government may deem fit. In witnesses where of

Sri.........................................................

(State Librarian, State Central Library) for and on behalf of the Government of Kerala and in the presence of witness

(1) .........................................................

(2) .........................................................

The bounden have hereunto set their hands the day and year shown against their respective signatures.

Signed by Sri.................................
Date: .......................................

In the presence of Witness

1. ..............................................................................

2. ..............................................................................